**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം - അമ്പലപ്പുഴ ഗവൺമെന്റ് കോളേജ് അസ്സിസ്റ്റന്റ് പ്രൊഫസറായ ശ്രീ.മാത്യൂസ്.ജെ-യ്ക്ക് തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ Non Hodgkins Lymphoma Relapse ചികിത്സയ്ക്കായി പലിശരഹിത മെഡിക്കൽ അഡ്വാൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.2097/2018/ഉ.വി.വ. തീയതി,തിരുവനന്തപുരം :22 .11.2018**

---

പരാമർശം :- 1.കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 26.09.2018 – ലെ ജെ2/38894/2018/കോ.വി.വ നമ്പർ കത്ത്.

**ഉത്തരവ്**

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ അമ്പലപ്പുഴ ഗവൺമെന്റ് കോളേജിൽ അസ്സിസ്റ്റന്റ് പ്രൊഫസ്സർ (കായിക വിദ്യാഭ്യാസം) ആയ ശ്രീ.മാത്യൂസ്.ജെ-യ്ക്ക് തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ Non Hodgkins Lymphoma Relapse ചികിൽസയ്ക്കായി 3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം) പലിശരഹിത ചികിൽസാവായ്പ അനുവദിക്കുന്നതിന് അംഗീകാരം നൽകാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട ചെലവ് "7610-00-800-95 (01)" എന്ന ശീർഷകത്തിൽ നിന്നും കുറവ് വരുത്തേണ്ടതാണ്.

ശ്രീ.മാത്യൂസ്.ജെ - യുടെ ജനനതീയതി 31.05.1971 ഉം PEN നമ്പർ 600911 ഉം ആണ്. ഇപ്രകാരം അനുവദിച്ച 3,00,000/- രൂപയുടെ പലിശ രഹിത ചികിത്സാ വായ്പ ശ്രീ.മാത്യൂസ്.ജെ, സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതും ശേഷിക്കുന്ന തുകയുണ്ടെങ്കിൽ ആയത് അപേക്ഷകന് നൽകേണ്ടതുമാണ്. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തതാ സർട്ടിഫിക്കറ്റ് പ്രസ്തുത വായ്പ കൈപ്പറ്റുന്ന തീയതി മുതൽ 3 മാസത്തിനകം അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. പലിശ രഹിത ചികിത്സാ വായ്പ ധനവകുപ്പിന്റെ അനുമതിയോടെ 6 മാസത്തിനകം ക്രമപ്പെടുത്തേണ്ടതും അല്ലാത്ത പക്ഷം 12% നിരക്കിൽ പിഴപ്പലിശ വായ്പക്കാരനിൽ നിന്നും ഈടാക്കുന്നതുമാണ്. പ്രസ്തുത പലിശ രഹിത ചികിത്സാവായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി തിരിച്ച് പിടിക്കുന്നതാണ്. കൂടാതെ വായ്പക്കാരനെതിരെ അച്ചടക്ക നടപടിയും സ്വീകരിക്കുന്നതാണ്. പ്രസ്തുത വായ്പ വിതരണം ചെയ്യുന്നതിന് മുൻപായി വായ്പ തുക, വായ്പ അനുവദിച്ച ഉത്തരവിന്റെ നമ്പറും തീയതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ വായ്പക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. വായ്പ കൈപ്പറ്റാതിരിക്കുകയോ റദ്ദു ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം സർക്കാരിനെ കൃത്യമായും അറിയിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൽ.കുശലകുമാരി**

ഗവ:അണ്ടർ സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ.മാത്യൂസ്.ജെ, അസിസ്റ്റന്റ് പ്രൊഫസർ, കായികവിഭാഗം, ഗവ.കോളേജ്, അമ്പലപ്പുഴ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, അമ്പലപ്പുഴ, ആലപ്പുഴ ജില്ല
ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് (25.10.2018 ലെ G2/2047/2018/H&FWD നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
ധനകാര്യവകുപ്പ് (29.10.2018 ലെ 997766/L3/595/2018-FIN നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ/ ഡയറക്ടർ, ഐ&പി.ആർ.ഡി
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ